II ഇ.ബി. XIII- കേരള നിയമസഭ/XIV-10

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 13, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

25 (*301) മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുവാൻ പദ്ധതികൾ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവനനിർമ്മാണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 9173 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും 5000 മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിനായി 100 കോടി രൂപയുടെ പ്രത്യേക ഭവന പദ്ധതി നടപ്പ്

സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണെന്നും സഭയെ അറിയിച്ചു. 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി 2014-15-ൽ 48.75 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ പഠന റിപ്പോർട്ട് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് സർക്കാർ പ്രത്യേക ഊന്നൽ നൽകിവരുന്നുണ്ട്. തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികളുടെ ഭവന നവീകരണത്തിനായി 19 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളനി നവീകരണ പദ്ധതിയുടെ ഭാഗമായി ക്ഷേമനിധി അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്നതിനും വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കിപ്പണിയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 'ശുചിത്വ തീരം' പദ്ധതിയനുസരിച്ച് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി ഓരോ മത്സ്യത്തൊഴിലാളി കുടുംബത്തിനും 17,500 രൂപ നൽകിവരുന്നുണ്ട്. നബാർഡിന്റെ ഫണ്ടുപയോഗിച്ച് സംസ്ഥാനത്തുടനീളം 47 നെറ്റ് മെയിന്റെയിനിംഗ് യാർഡുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബഡ്ജറ്റ് പ്രൊവിഷൻ യഥാസമയം അനുവദിച്ച് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ മോണിറ്ററിംഗ്

സംവിധാനം സർക്കാർ തലത്തിലും ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിലും ഏർപ്പെടുത്തിയിട്ടുണ്ട്. സി.ആർ.ഇസഡ്.-മായി ബന്ധപ്പെട്ടുള്ള സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കടലാക്രമണത്തിൽ വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് ഉപാധികൾ കൂടാതെ ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് ഉടനെതന്നെ പുറപ്പെടുവിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

26 (*302) <u>കരിപ്പൂർ വിമാനത്താവളത്തിലെ വെടിവയ്പ്</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) നൽകിയ മറുപടിയിൽ, കരിപ്പൂർ വിമാനത്താവളത്തിൽ സുരക്ഷാ പരിശോധനയുടെ ഭാഗമായി സി.ഐ.എസ്.എഫ്. ജവാന്മാരും എയർപോർട്ട് അഗ്നിശമന സേനാ ഉദ്യോഗസ്ഥരും തമ്മിലുള്ള സംഘർഷത്തെത്തുടർന്നുണ്ടായ വെടിവയ്പുമായി ബന്ധപ്പെട്ട് നാല് കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജിത അന്വേഷണം നടത്തിവരികയാണെന്ന് സഭയെ അറിയിച്ചു. വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ

കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സംരക്ഷണ സേനയ്ക്കുമാണ്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് വകുപ്പ്, കേന്ദ്ര വ്യവസായ സംരക്ഷണ സേന, സംസ്ഥാന പോലീസ്, ജില്ലാ ഭരണകൂടം എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം ചേർന്ന് എയർപോർട്ടിലെ വിവിധ ഏജൻസികൾക്കിടയിൽ മെച്ചപ്പെട്ട ഏകോപന സംവിധാനമുണ്ടാക്കുന്നതിനും മാസംതോറും ഏകോപന യോഗങ്ങൾ ചേരുന്നതിനും ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും എയർപോർട്ടിനുള്ളിൽ പോലീസ് സ്റ്റേഷൻ/ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. എയർപോർട്ടിലെ ക്രമസമാധാന പ്രശ്നങ്ങൾ ഒഴികെയുള്ള കാര്യങ്ങളിൽ സംസ്ഥാന പോലീസ് സേനയോ ഇന്റലിജൻസ് ഏജൻസികളോ ഇടപെടുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവാദം നൽകിയിട്ടില്ല. നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ

കേസന്വേഷണം നടത്തിവരുന്നുണ്ടെന്നും കേരളാ പോലീസിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും കൃത്യമായ ഇടപെടലിലൂടെയാണ് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ സാധിച്ചതെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

27 (T*303) <u>കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) നൽകിയ മറുപടിയിൽ, കൂടുതൽ കോടതികൾ ആരംഭിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്ത് കെട്ടിക്കിടക്കുന്ന കേസുകൾ ധ്രുതഗതിയിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. 38 അതിവേഗ താൽക്കാലിക കോടതികളെ സ്ഥിരം കോടതികളാക്കുകയും പുതുതായി 10 കുടുംബകോടതികളും എറണാകുളത്ത് അഡീഷണൽ സി.ബി.ഐ. കോടതിയും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും കുറ്റകൃത്യങ്ങളും സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എറണാകുളം ജില്ലയിൽ പ്രത്യേക കോടതി ആരംഭിക്കുകയും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ പ്രസ്തുത കോടതികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 13-ാം ധനകാര്യകമ്മീഷന്റെ ധനം

വിനിയോഗിച്ച് 27 താൽക്കാലിക ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ പരിഗണിക്കുന്നതിനായി മഞ്ചേരി, മാനന്തവാടി, കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിച്ചുവരുന്നുണ്ട്; പാലക്കാട് പ്രസ്തുത കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി Special list system, unit system, target fixation എന്നീ രീതികൾ അവലംബിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന കേസുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകുന്നതോടൊപ്പം KELSA-യുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നതായും മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2815 മുതൽ 3153 വരെയുള്ള ചോദ്യങ്ങളിൽ 125 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *